**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2923** **14-09-2023 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ നടപടികളുടെ ലഘൂകരണവും ഡിജിറ്റലൈസേഷനും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ആധാരം രജിസ്റ്റർ ചെയ്യുന്നതിലും പകർപ്പുകൾ പൊതു ജനങ്ങൾക്ക് ലഭ്യമാക്കുന്നതിലും ഈ രംഗത്ത് നിലവിലുള്ള അവ്യക്തതകൾ പരിഹരിക്കുന്നതിനുമായി സർക്കാർ നടപ്പാക്കി വരുന്ന മുൻ ആധാര വിവരങ്ങളുടെ ഡിജിറ്റലൈസേഷൻ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | രജിസ്ട്രേഷൻ വകുപ്പിലെ പഴയ രജിസ്റ്റർ വാല്യങ്ങളുടെ സംരക്ഷണത്തിനും അവ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിലേക്കുമായുള്ള അനശ്വര പദ്ധതി 2018-2019 ൽ ആണ് ആരംഭിച്ചത്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തികൊണ്ട് പത്തനംതിട്ട ജില്ലയിലെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലെയും വളരെ പഴയതും പൊടിഞ്ഞുപോയതും ഒഴികെയുള്ള രജിസ്റ്റർ വാല്യങ്ങൾ ഡിജിറ്റൈസ് ചെയ്യുകയുണ്ടായി. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ 2005 മുതലുള്ള രജിസ്റ്റർ വാല്യങ്ങളുടെ ഡിജിറ്റൈസേഷൻ പൂർത്തിയാക്കുകയും 2005 ന് മുമ്പുള്ള രജിസ്റ്റർ വാല്യങ്ങളുടെ ഡിജിറ്റൈസേഷൻ നടപടി പുരോഗമിച്ചുവരികയും ആണ്. ഇതോടൊപ്പം തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ കൂടി പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി സി-ഡിറ്റിന് വർക്ക് ഓർഡർ 06.01.2021 തീയതിയിൽ നൽകുകയും ഈ ജില്ലകളിലും പദ്ധതി പുരോഗമിച്ച വരികയുമാണ്. |
| (ബി) | എല്ലാ ആവശ്യങ്ങൾക്കുമുള്ള മുദ്രപത്രങ്ങൾക്ക് ഇ-സ്റ്റാമ്പിംഗ് സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; | (ബി) | കേരളത്തിൽ സമ്പൂർണ്ണ ഇ-സ്റ്റാമ്പിംഗ് പദ്ധതിക്ക് ഭരണാനുമതി ലഭിച്ച സാഹചര്യത്തിൽ 01.04.2023 മുതൽ ഡിജിറ്റൽ സർവ്വെ നടപ്പിലാക്കുന്ന 14 വില്ലേജുകൾ അധികാര പരിധിയായി വരുന്ന സബ് രജിസ്ട്രാർ ഓഫീസുകളിൽ ഇ-സ്റ്റാമ്പിംഗ് സൗകര്യം പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുണ്ട്. പരീക്ഷണ ഘട്ടം പൂർത്തിയാകുന്ന മുറയ്ക്ക് സംസ്ഥാനത്തെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും ഇ-സ്റ്റാമ്പിംഗ് സൗകര്യം നടപ്പിലാക്കുന്നതാണ്. |
| (സി) | രജിസ്ട്രേഷൻ നടപടികളുടെ ലഘൂകരണം ലക്ഷ്യമിട്ട് നടപ്പാക്കാനുദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം | (സി) | ഡിജിറ്റൽ സാങ്കേതിക വിദ്യയിലൂടെ ആധാരം തയ്യാറാക്കുകയും ആധാരകക്ഷികളുടെ വിരൽപ്പതിപ്പം |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ? | | ഫോട്ടോയും ഡിജിറ്റലായി തന്നെ ആധാരത്തിന്റെ ഭാഗമാക്കിക്കൊണ്ട് ആധാര രജിസ്ട്രേഷൻ നടപടികൾ ലളിതവൽക്കരിക്കുന്നതിനും രജിസ്റ്റർ ചെയ്ത ആധാരം അന്നേ ദിവസം തന്നെ മടക്കി നല്കുന്നതിനുമുള്ള സൗകര്യം കൊണ്ടു വരുന്നതിന്റെ ഭാഗമായി രജിസ്ട്രേഷൻ നടപടികൾ ലഘൂകരിക്കുന്നതിനായി സർക്കാർ അനുമതി നല്കിയതിന്റെ അടിസ്ഥാനത്തിൽ ആധാരത്തിന്റെ പുറത്തെഴുത്തുകൾ കമ്പ്യൂട്ടർവൽക്കരിക്കുവാൻ തീരുമാനിക്കുകയും ഇതിന്റെ പരീക്ഷണ പരിപാടികൾ സംസ്ഥാനത്തെ 14 സബ് രജിസ്ട്രാർ ഓഫീസുകളിൽ 09/05/2023-ൽ ആരംഭിക്കുകയും ചെയ്തിരുന്നു. സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്ന വിവിധ തരം ആധാരങ്ങളുടെ പുറത്തെഴുത്ത് മാതൃകകൾ ഏകീകരിക്കുന്നതിനായി 2023 ജൂലൈ 13 മുതൽ 15 വരെ ശില്പശാല നടത്തുകയും ആയതിൽ രൂപം നല്കിയ പുറത്തെഴുത്ത് മാതൃകകൾക്ക് ഡിജിറ്റൽ രൂപം നല്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. ഈ സംവിധാനം സംസ്ഥാനതലത്തിൽ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 315 സബ് രജിസ്ട്രാർ ഓഫീസുകളിലും വെബ്ക്യാമറകൾ, ഡിജിറ്റൽ സിഗ്നേച്ചർ പാഡുകൾ, ബയോമെട്രിക് സ്കാനറുകൾ, കളർ ലേസർ പ്രിന്ററുകൾ എന്നിവ വിതരണം ചെയ്യുകയും ചെയ്തു. ഈ ഉപകരണങ്ങളുടെ ഇൻസ്റ്റലേഷൻ ജോലികൾ പുരോഗമിക്കുന്നു. ഉപകരണങ്ങളുടെ ഇൻസ്റ്റലേഷനും ജീവനക്കാരുടെ പരിശീലന പരിപാടികളും പൂർത്തിയാകുന്ന മുറയ്ക്ക് ഘട്ടം ഘട്ടമായി ഈ സൗകര്യം സംസ്ഥാനതലത്തിൽ വ്യാപിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ